മാലിന്യമുക്ത കേരളം

# ശുചിത്വ മിഷൻ
## തദ്ദേശ സ്വയംഭരണ വകുപ്പ്
## കേരള സർക്കാർ

**നം. 1171/സി1/2022/എസ്.എം** **തീയതി: 21/05/2022**

<u>പരിപത്രം</u>

വിഷയം:- തസ്വഭവ - ശുചിത്വ മിഷൻ - ആധുനിക വാതകശ്മശാന നിർമ്മാണം - ഫർണസ്, ചിമ്മിനി, റെയിൽ, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന :- 14.10.2020-ലെ സർക്കാർ ഉത്തരവ് G.O(Rt)No. 1898/2020/LSGD നമ്പർ സർക്കാർ ഉത്തരവ്

************************

ശുചിത്വ മാലിന്യ സംസ്കരണ ഉപമേഖലയിൽപ്പെടുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ച് സൂചന പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതകശ്മശാനങ്ങളുടെ നിർമ്മാണത്തിനും ആധുനികവത്കരണത്തിനുമായുള്ള പ്രോജക്ടുകളിൽ, (മെഷിനറി ഉൾപ്പെടെ) സിവിൽ നിർമ്മാണം മാത്രമായി വരുന്ന പ്രോജക്ടുകൾക്ക് ത.സ്വ.ഭ.വ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗ് (നിലവിലെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച്) മുഖേന സാങ്കേതിക അനുമതി നൽകാവുന്നതാണെന്നും, മെക്കാനിക്കൽ/ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടുകൾക്ക് ത.സ്വ.ഭ.വ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗിൻറെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, പി.ഡബ്ല്യു.ഡി മെക്കാനിക്കൽ/ ഇലക്ട്രിക്കൽ വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സംസ്ഥാന/ജില്ലാ തല സാങ്കേതിക സമിതി മുഖേന സാങ്കേതിക അനുമതി നൽകാവുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ ഉത്തരവിൽ പരാമർശിക്കും പ്രകാരം മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെട്ട ഫർണസ്, ചിമ്മിനി, റെയിൽ, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ മാത്രം സ്ഥാപിക്കുന്നതിന് (സിവിൽ നിർമ്മാണം ഉൾപ്പെടാത്തവ) സംസ്ഥാന/ജില്ലാ തല സാങ്കേതിക സമിതിയുടെ സാങ്കേതിക അനുമതി ആവശ്യമില്ലാത്തതാണ്. ഇത്തരം പ്രവർത്തികൾ നിലവിലെ പ്രൈക്യൂർമെൻറ് റൂൾസിനും നിയമങ്ങൾക്കും വിധേയമായി നിലവിലെ ശുചിത്വ മിഷൻ അംഗീകൃത ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പ്രകാരം വാങ്ങി സ്ഥാപിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

K T Balabhaskaran
Executive Director

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ, തസ്വഭവ
2. ഡയറക്ടർ (റൂറൽ)
3. ഡയറക്ടർ (അർബൻ)
4. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

**റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033**
ഫോൺ: 0471-2312730, 2319831, ഫാക്സ്: 04712996730 ഇ-മെയിൽ: sanitationkerala@gmail.com

5. എല്ലാ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
6. എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറിമാർക്കും
   (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
7. ബന്ധപ്പെട്ട എല്ലാ സേവനദാതാകൾക്കും

* This is a computer system (Digital File) generated letter. Hence there is no need for a physical signature.